

# വാതായനം

NSS HSS KIDANGOOR


വാതായനം
NAIR SERVICE SOCIETY
എൻ എസ് എസ് എച്ച് എസ്
എസ് കിടങ്ങൂർ

# എഡിറ്റോറിയൽ ബോർഡ്

- വിഷ്ണനാഥ് എം എ
- അഭിരാം എൻ വി
- അഭിജിത്ത് എൻ വി
- ദേവാനന്ദ് അനിൽ
- ശ്രീശാന്ത് എ എൻ
- കൃഷ്ണ സജി
- ശ്രീലക്ഷ്മി രാജേഷ്
- അക്ഷയ വി

# ആമുഖം.

*സാങ്കേതിക വിദ്യയുടെ ഉയരങ്ങളിലേക്കുള്ള ഞങ്ങളുടെ നീണ്ട സഞ്ചാരത്തിനിടയിലെ ഒരു കണ്ണിയാണീ മാഗസീൻ. ഞങ്ങളുടെ സ്കൂളിലെ കുട്ടുക്കാരുടെ പഠനമികവുകൾ, കലാകായിക പ്രകടനങ്ങൾ, രചനാമികവുകൾ തുടങ്ങി നിരവധി അഭിരുചികളുടെ ഒരു നീണ്ട നിരയാണീ കൊച്ചു ഡിജിറ്റൽ മാഗസീൻ . ഒപ്പം എൻ . എസ്.എസ്. എച്ച്. എസ്. എസ് സ്കൂളിലെ കുട്ടുക്കാർ ഒരുമിച്ച ഒരു കൂട്ടം മനോഹര നിമിഷങ്ങളും.*

*എൻ. എസ്. എസ്. എച്ച്. എസ്. എസ് സ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ തയ്യാറാക്കിയ ഈ മാഗസീൻ സാങ്കേതിക വിദ്യയുടെ നവീന ലോകത്തേക്കുള്ള ഒരു തുറന്ന **വാതായനം** ആണെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.*

# താളുകൾ മറിയുമ്പോൾ.........

നവതി പ്രണാമം........................................................8
മൂകസാക്ഷി ........................................................9
കേരളത്തെ മുക്കിത്താഴ്ത്തിയ ഭൂതം...........................12
വണ്ടപ്പം..................................................................14
തനത് പ്രവർത്തനം അക്ഷരശ്ലോകം.....................16
QUOTES.................................................................19
R K NARAYAN.......................................................20
ചിത്രജാലകം...........................................................22
സ്വാമിയും കൂട്ടുകാരും...............................................23
RABINDRA NATH TAGORE.....................................24
വഴിവക്കിൽ...............................................................25
ചിത്രജാലകം.............................................................26
OSCAR WILDE.........................................................28
FIRE FLY..................................................................29
ഓർക്കുവിൻ..............................................................30
ധർമ്മകഞ്ഞി.............................................................31

കലോത്സവ വിജയികൾ.......................................33
തിരുവാതിര സംഘം............................................34
NCC പ്രവർത്തനം..................................................35
RED CROSS പ്രവർത്തനം.......................................36
SPC പ്രവർത്തനം.....................................................37
LITTLE KITES പ്രവർത്തനം....................................38
സ്കൂൾ പ്രവർത്തനം....................................................39
കൃതജ്ഞത.............................................................

# ആശംസ.



*കിടങ്ങൂർ എൻ. എസ്. എസ്. എച്ച്. എസ്. എസ് സ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ ഒരുക്കിയ **വാതായനം** എന്ന ഡിജിറ്റൽ മാഗസിൻ പുതുപുത്തൻ അറിവിന്റെ മേഖലകളിലേക്കുള്ള വാതായനങ്ങൾ തുറക്കുകയാണ്. കുട്ടികളുടെ പഠന മികവുകൾ, കലാകായിക പ്രകടനങ്ങൾ,രചനാ മികവുകൾ തുടങ്ങി അവരുടെ അഭിരുചികളുടെ ഒരു നിര തന്നെയുണ്ട് ഇതിൽ.*

*ഈ മാഗസിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റസ് അംഗങ്ങളായ കുട്ടികൾക്കും അവരെ തയ്യാറാക്കിയ കൈറ്റ് മിസ്ട്രസ് മാർ അമ്പിളി ടീച്ചർ, ദീപ ടീച്ചർ എന്നിവർക്കും എന്റെ അഭിനന്ദനങ്ങളും ആശംസകളും നേർന്നു കൊള്ളുന്നു.*

*ശ്രീദേവി ടീച്ചർ*

# നവതിപ്രണാമം

വന്ദനം മാതരംനിത്യം നവതിപുണ്യതാരകം
എൻ എസ് എസിൻന്നഭിമാനം കിടങ്ങൂരിൻ  പ്രകാശമായ സമുജ്വലം
അറിവിന്നുറവയും തേടി കടന്നെത്തും
കുരുന്നുകൾ



നാടിന്നുതണലായിട്ടും വന്മരങ്ങളായി
മാറുവാൻ
അക്ഷീണമായ്  പ്രയത്നിക്കും മാതരം
വന്ദനംസദാ
കൂരിരുട്ടത്തുതപ്പുന്ന നാടിൻപ്രകാശ-
മായിടാൻ
മന്നത്തുദിച്ചതാരകം ചൊരിഞ്ഞോരു
കിരണങ്ങൾ
ഏൽക്കുവാൻ ഭാഗ്യമുണ്ടായ പുണ്യ
ഭൂമി കിടങ്ങൂരിൽ
ധീരരാം പുത്രർനാടിന്നായ്  പടുത്തു നൽകിയെന്നല്ലീ
സരസ്വതി മന്ദിരം
നന്മയും സ്നേഹവും കൂട്ടി പുസ്തകജ്ഞാന
നമുണ്ണുവാൻ
സത്യവും നീതിയും കയ്യിൽ സമ്പ-
ത്തായിവിളങ്ങുവാൻ
എൻ എസ് എസിൻെറ മുറ്റത്തു
പിച്ചവെച്ചുനടന്നിടാം.

പി അമ്പിളി(അദ്ധ്യാപിക)

കഥ

# മൂകസാക്ഷി.



ജനാലയിലൂടെ മാളവിക പുറത്തേക്കു നോക്കി . തണുത്ത കാറ്റ് അവളുടെ മുടിയിഴകളെ തഴുകി മുറിക്കുള്ളിലേക്കുവന്നു . അകലെ കടപ്പുറത്ത് കടൽ അവളെ മാടി വിളിച്ചു . കടലോ അവയിലൂടെ മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളോ ബോട്ടുകളോ അവൾക്കപരിചിതമല്ല . നേരം വെളുക്കുന്നതിന് മുന്നേ അവളുടെ അച്ഛൻ അത്താഴത്തിനുള്ള വക തേടി കടലമ്മയുടെ മടിത്തട്ടിലേക്ക് പോയിരിക്കുന്നു . മത്സ്യങ്ങൾ , അവരുടെ അത്താഴം മാത്രമല്ല , അസുഖ ബാധിതനായി കിടക്കുന്ന അവളുടെ കൊച്ചനിയനുള്ള മരുന്നുകൾക്കുള്ള വഴികൂടിയാണ് .

ചിന്താധാരയിൽ നിന്നുണർന്ന് അവൾ പതിയെ അനുജന്റെ മുറിയിലെത്തി . ഇന്ന് ശ്വാസംമുട്ടൽ കുറച്ച് കുറവുണ്ട് . അവൻ തന്റെ ജനാലയിലൂടെ പുറത്തേക്കു നോക്കിയിരിക്കുന്നു . ജന്മനാ അംഗവൈകല്യമുള്ള അവനെ ആ കുറവുകളൊന്നും തളർത്താറില്ല . അമ്മ പോയശേഷം അവൾക്കു അച്ഛനുമമ്മയുമൊക്കെയാകുന്നത് അവരുടെ പുന്നാര അച്ഛനാണ് . അടുത്ത ദിവസം അവന്റെ പിറന്നാളാണ് . അച്ഛന്റെ വക സമ്മാനവുമുണ്ടാകും . അവൻ തനിക്കു കിട്ടാൻ പോകുന്ന

സമ്മാനത്തെപ്പറ്റിയുള്ള ചിന്തയിലാണെന്ന് മുഖഭാവം വ്യക്തമാകുന്നു
.

'ഇന്ന് പ്രവൃത്തി ദിവസമാണല്ലൊ' സമയം ഇപ്പോൾ തന്നെ വൈകി . എന്നൊക്കെ ചിന്തിച്ചു കൊണ്ട് അവൾ അടുക്കളയിലെത്തി . സ്കൂൾ കുട്ടുകാർ തനിക്കായി സമാഹരിച്ച പണം കൊണ്ട് നിർമ്മിച്ചതാണ് ഈ കൊച്ചു വീട് . പക്ഷേ തന്റെ വീട്ടിലെ പട്ടിണി മാറ്റാൻ ഈ കെട്ടിടത്തിനു കഴിയില്ലല്ലോ .......... ഒഴിഞ്ഞ കൽച്ചട്ടി നോക്കി അവൾ നെടുവീർപ്പിട്ടു .

തന്റെ അനിയനായി കൊടുക്കാൻ ശേഖരിച്ചു വച്ചിരുന്ന തലേന്നത്തെ കഞ്ഞി തിളപ്പിച്ച് അനിയന് കോരിക്കൊടുത്തപ്പോഴേക്കും സ്കൂളിൽ ബെല്ല്അടിക്കാറായിരുന്നു . അവൾ തന്റെ കൊച്ചു സഞ്ചിയുമായി പുറത്തേക്കിറങ്ങി . ലോൽസവമാണ് . ഏഴാം ക്ലാസിൽ പഠിക്കുന്ന മാളവിക എന്ന മാളുവിന് ഇന്ന് 2 ഇനങ്ങളുണ്ട് . പദ്യം ചൊല്ലലും കഥാരചനയും . 'കറുത്ത പാടുകൾ' എന്ന കവിത അവൾ നന്നായി ചൊല്ലി പഠിച്ചിട്ടുണ്ട് . അയൽ വക്കത്തെ സുമതിച്ചേച്ചി പഠിപ്പിച്ചതാണ് .

അവൾ തന്റെ വേഗം കൂട്ടി . ആ ഗ്രാമീണ വഴിയിലെ മത്തായിച്ചേട്ടന്റെ പലചരക്കു കടയും അക്കാമ്മച്ചേച്ചിയുടെ ചായ കടയും കഴിഞ്ഞ് അവൾ സ്കൂൾ കവാടത്തിലെക്കു കടന്നു . ഓടി നടക്കുന്ന ടീച്ചർമാർ . സുന്ദരികളായി സഹപാടികൾ . റിപ്പോർട്ടു ചെയ്യത ശേഷം പദ്യം

ചൊല്ലൽ മൽസരം ആരംഭിച്ചു . അന്നവൾ നന്നായി പാടി . ആ കവിതയുടെ ദുഃഖഭാവത്തോടെ അതിൽ ലയിച്ചുപാടി . ശേഷം കണ്ണുകളിൽ നിറഞ്ഞ കണ്ണുനീർ അവളുടെ അർപ്പണബോധത്തിന്റെ തെളിവായിരുന്നു . അവസാനം

റിസൾട്ടു വന്നു . ഒന്നാം സ്ഥാനം മാളവിക എസ് അന്നവൾ സന്തോഷത്തോടെ തുള്ളിചാടി . ഒരു ചെറിയ ട്രോഫിയും സർട്ടിഫിക്കറ്റും

പൊട്ടിക്കരയുന്ന സുമതിച്ചേച്ചിയെ കണ്ടവൾ ഞെട്ടി. ആൾക്കൂട്ടത്തിലൂടെ നുഴഞ്ഞു കയറിയ അവൾ കണ്ടത് അച്ഛൻെ്റ ചേതനയറ്റ മൃതദേഹമാണ് ഒപ്പം അനിയനായി വാങ്ങിച്ച പിറന്നാൾ സമ്മാനം അച്ഛൻ ചേർത്തുപിടിച്ചിരിക്കുന്നു . അച്ഛൻെ്റ അരികിൽ ഇരിത്തിയിരിക്കുന്ന അനിയനെ കണ്ടതോടുകൂടി നിയന്ത്രണം വിട്ട് അവൾ പൊട്ടിക്കരഞ്ഞു . തൻെ്റ ട്രോഫി അവൾ വലിചെറിഞ്ഞു . അച്ഛനെ മരണമുണ്ടാക്കിയ തീരാമുറിവ് അവളെ ഒരു മാനസികരോഗിയാക്കി മാറ്റി . എങ്ങോട്ടെന്നറിയാതേ അച്ഛനേകുറിച്ച് വിലപിച്ച് കൊണ്ട് അവൾ നടന്നു നീങ്ങി .

സുമതിയേടത്തി അനിയനേ വളർത്തുന്നു . ഈ സംഭവങ്ങൾക്കെല്ലാം മൂകസാക്ഷിയായി അവളുടെ ട്രോഫിയും അച്ഛൻെ്റ പിറന്നാൾ സമ്മാനവും ആ കടപ്പുറത്ത് ബാക്കിയായി..........

ഹരിഗോവിന്ദ് കെ ആര്



കവിത

# കേരളത്തെ മുക്കിത്താഴ്ത്തിയ ഭൂതം.



വന്നിതാ വന്നിതാ പ്രളയമാം ഭൂതം
കേരനാടിൻറ വിറയലായ് ഇന്നിതാ
വന്നു.
ചെറുപേമാരിയായ് വന്നു രസിപ്പിച്ചു നീ-
യാദ്യം, പിന്നീടതാ
വെള്ളപ്പൊക്കമായ്ത്തീർന്നു.......
ചെറുവെള്ളപ്പൊക്കം ഞാനാദ്യം കണ്ടു ചിരിച്ചു
പിന്നെയാ വൻ പ്രളയം കണ്ടു പൊട്ടിക്കരഞ്ഞു .........
കറുകറെ മൂടുന്ന ഭീമനാം മേഘങ്ങൾ
കേരളമനസ്സിനെയും അന്ധകാരത്തിലാഴ്ത്തി
മാനത്തു നീ നിന്നു പൊട്ടിക്കരഞ്ഞു പിന്നിടാ-
ക്കണ്ണീർക്കടലിൽ, ഞങ്ങളെയാഴ്ത്തി നീ.........
ഉരുളുകൾ പൊട്ടി , മലകൾ തൻ ഹൃദയത്തിൻ
ഭിത്തികൾ , ഇടിഞ്ഞു ചിതറിത്തെറിച്ചു.......
പുഴകളും തോടുകളും കരകവിഞ്ഞൊഴുകി.........
കൊട്ടാരവീടുകളിലോരോന്നിലും കയറിക്കൂടി.........
അതിനൊപ്പം എറിഞ്ഞുകളിച്ചോരാ.......
പ്ലാസ്ററിക്കിൻ മാലിന്യം ഒഴികിയെത്തി........
ശത്രുക്കളായിരുന്നോരെല്ലാമപ്പോൾ
മിത്രങ്ങളെന്നപ്പോൽ ക്യാമ്പുകളിൽ എത്തി........
പട്ടുമെത്തയിൽ കിടന്നുമെതിച്ചവർ ഇതാ........

പട്ടുനൂൽ പുഴവെന്നപ്പോൾ ചുരുണ്ടുകൂടി
അപ്പോഴതാ സേവനസജ്ജരാം മുക്കവർ
നമ്മുടെ രക്ഷക്കായ് ഓടിയെത്തി.........
എവിടെയെങ്ങോപോയി മത്സ്യബന്ധനം ചെയ്യുന്ന
കടലിൻറ മക്കളാം നായകന്മാർ........
നരഗമാം പ്രളയത്തിനിടയിൽ കിടന്നുകൊ-
ണ്ടെല്ലാവരും ഭയഭീതരായ് വാഴുന്നു.........
മനുജാ... നീയോർക്കണം അന്നെല്ലാം നീ -



ചെയ്ത പാപത്തിൻ ഫലമാണിന്നുനിൻ
അനുഭവം.
മരമെല്ലാംവെട്ടി എടുത്തു നീ ,കുന്നുകൾ-
ഇടിച്ച നിരത്തിയാ ഫ്ലാറ്റുകൾ കെട്ടീ.........
ഹരിതമാം നെൽ ചെടികളാടിയുലയുന്ന
ഭരിതമാം പാടശേഖരം നികത്തി നീ .......
പാറകൾ പൊട്ടിച്ച് വിറ്റു നീ ഉണ്ടാക്കി ,
പണമല്ല , പ്രളയമാം വൻ ദുരന്തം......

*അക്ഷത ആർ*

പുഴയുടെ ഉടലാം മണൽ തിട്ട
കോരിയെടുത്താ ഇന്നാ പുഴ വന്നിതാ നിന്നെ വിഴുങ്ങുന്നു.......
തളരാതെ ഒത്തൊരുമിക്കാം നമുക്കിന്നു........
കേരളമാം ജനനിയെ രുപപ്പെടുത്തുവാൻ..............
കോർക്കാം നമുക്കാ കരുത്തുറ്റ കൈകൾ
മലയാളികളാം കേരനാടിൻര മക്കൾ നാം.......
വരുവിൻ വരുവിൻ കൈകോർക്കുവിൻ
സഹോദര സഹജരാം, ദൈവത്തിൻ മക്കളേ.......
സഹോദര സഹജരാം, ദൈവത്തിൻ മക്കളേ.......

നാട്ടറിവ്

# വണ്ടപ്പം.



പുട്ട്, ഇഡ്ഡലി, വത്സൻ(ഇലയപ്പം)

തെരള(ഉരക്കപ്പം)മുതലായവയാണല്ലോ

ആവിയപ്പങ്ങൾ.ഇതുകൂടാതെ

പണ്ടുകാലത്ത്

നാട്ടിൻപുറത്തുള്ളവർ ആവിയിൽ

വേവിച്ചെടുക്കുന്നമറ്റൊരപ്പംകൂടിയുണ്ടായിരുന്നു.വ(ബ)ണ്ടപ്പം.ആവശ്യ

ത്തിനു വെള്ളം നിറച്ചതും വായ് വീതിയുള്ളതുമായ

മൺകലത്തിന്റെവായ് ഒരു വെള്ളത്തുണികൊണ്ട്മൂടികെട്ടും.അല്പം

ആഴത്തിലും വട്ടത്തിലും കുഴിയുണ്ടാകത്തക്കവണ്ണംഅയച്ചാണ്

തുണികെട്ടുന്നത്.എന്നിട്ട് പുട്ടിനെന്നവണ്ണം മാവുകുഴച്ച്കലത്തിന്റെ

തുണി വായിൽ (വ(ബ)ണ്ടിൽ) വാരിനിറച്ച് നിരത്തും.അതിനുമുകളിൽ

ഒരടപ്പുചട്ടി (മൺപാത്രം) കൊണ്ട് കമഴ്ത്തിയടയ്ക്കും.വെള്ളം തിളച്ച് ആവി

വന്ന് മാവ് വേവും. അടപ്പുമാറ്റി വണ്ടപ്പംകോരി മാറ്റും. തുണികൊണ്ട്

ബ(വ)ണ്ട് കെട്ടിയുണ്ടാക്കുന്ന

അപ്പമായതുകൊണ്ടാണ് വ(ബ)ണ്ടപ്പം എന്നുപറയുന്നത്.സ്വന്തമായി

പുട്ടുകുറ്റിയില്ലാത്ത പാവങ്ങൾ അത് അയൽവീടുകളിൽ നിന്നും

ഇരവൽ വാങ്ങിയാണ് പുട്ടുണ്ടാക്കിയിരുന്നത്  പുട്ടുകുറ്റി അങ്ങനെ കിട്ടാതെ വരുമ്പോഴും ചിലപ്പോഴൊക്കെഒരു മാറ്റത്തിനും വേൻ്ടിയാണ് അന്നൊക്കെ പാവങ്ങൾ വണ്ടപ്പംഉണ്ടാക്കിയിരുന്നത്. അതുകൊണ്ട് വണ്ടപ്പം അന്നത്തെ പാവങ്ങളുടെപുട്ടായിരുന്നു.

ആദിത്യ ബിനോയി



# തനത് പ്രവർത്തനം

## അക്ഷരശ്ലോകം.....

കലയുടെയും സാഹിത്യത്തിന്റെയുകേദാരമായ കിടങ്ങൂരിന്റെ പാരമ്പര്യത്തെ സ്വാംശീകരിച്ചുകൊണ്ട് കിടങ്ങൂർ എൻ.എസ്.എസ് ഹയർസെക്കന്ററി സ്കൂൽ പതിനൊന്ന് വർഷമായി അക്ഷരശ്ലോക വേദി പ്രവർത്തിച്ചുവരുന്നു.നാടിന്റെ ഭാഷാസംസ്കാരിക പാരമ്പര്യത്തെ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുക എന്ന ഉദ്ദേശത്തോട് കൂടിയാണ് ഭാഷാധ്യാപകരുടെ നേതൃത്ത്വത്തിൽ ഇവിടെ ഇത്തരമൊരു പ്രവർത്തനം നടത്തിവരുന്നത്.2008-ൽ സ്കൂളിന്റെ തനതുപ്രവർത്തനം എന്ന നിലയിലാണ് അക്ഷരശ്ലോക കളരി പ്രവർത്തനമാരംഭച്ചത്.വിദ്യാരംഗംകലാസാഹിത്വവേതിയുടെ ആഭിമുഖ്യത്തിൽ സാഹിത്യകുതികളായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭാച്ച അക്ഷരശ്ലോകക്കളരിയിലൂടെ നിരവധി വിദ്യാർത്ഥികൾ കവിതാസ്വദന ആലാപന പരിചയം നേടിവരുന്നു.

2008-ൽ ജ്ജൂൺ 23-ന് ആരംഭിച്ച കാവ്യാജ്ഞലി അക്ഷരശ്ലോകവേദിയുടെ പ്രവർത്തനങ്ങൾ അന്നത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി മായാദേവി ടീച്ചർ ഉദ്ഘാടനം ചെയ്തു.രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നും ഉത്സാഹപൂർണമായ പിൻതുണയാണ് ഈ പ്രവർത്തനത്തിന് ലഭിക്കുന്നത്.

അക്ഷരശ്ലോകരംഗത്ത് പ്രാഗല്ഭ്യം

നേടിയ പ്രദേശവാസികളായ മഹത് വ്യക്തികളുടെ സഹകരണവും കളരിക്ക് ലഭിക്കുന്നുണ്ട്.ഈ വിദ്യാലയത്തിലെ മുൻ മലയാള അധ്യാ-പകനും അക്ഷരശ്ലോകവവിദഗ്ദനുമായ ശ്രീ ഗോപാലകൃഷ്ണൻ സാറാ-ണ് അക്ഷരശ്ലോക കളരിക്ക് കാവ്യാഞ്ജലി എന്ന നാമം നിർദ്ദേ-ശിച്ചത്.അദ്ദേഹം ഈ കളരിയുടെ ഗുരുസ്ഥാനീയനാണ്. 2009 ജനുവരിയിലെ സ്കൂൾ വാർഷകത്തോട് അനുബന്ധിച്ച് കളരിയിലെ വിദ്യാർത്ഥികൾ അരങ്ങേറ്റം കുറിച്ചു.മാറിമാറി വരുന്ന പ്രഥമാധ്യാപ-കരുടെ പരിപൂർണമായ സഹകരണം കളരിക്ക് കരുത്തേകുന്നു.

കാവ്യാഞ്ജലി അക്ഷരശ്ലോകവേദിയുടെ പ്രവർത്തനങ്ങൾ മാധ്യമശ്രദ്ധ ആകർഷിക്കുകയുണ്ടായി.കളരിയിലെ വിദ്യാർത്ഥികൾ സംസ്ഥാന കലോത്സവത്തിൽ A-grade നേടി മികവ് തെളിയിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ഭാഷാജ്ഞാനം,പദസമ്പത്ത്,ഉച്ചാരണശുദ്ധി സാഹി-
ത്യപരിജ്ഞാനം ഓർമ്മശക്തി തുടങ്ങിയ മേഘലകളിലെല്ലാം അക്ഷര-ശ്ലോകപഠനം സ്വാധീനം ചെലുത്തുന്നു.ആധുനിക വൈദ്യശാസ്ത്രം അൽ-
ഷിമേഴ്സിനും ഉച്ചാരണ വൈകല്യങ്ങൾക്കും മരുന്നാണ് അക്ഷരശ്ലോക പഠനം എന്ന് വിലയിരുത്തുന്നു.മലയാള കഥാ,സാഹിത്യത്തിന്റെ കുലപതിയായ ശ്രീ എം.ടി വാസുദേവൻ നായരുമായി പ്രശസ്ത സാഹി-

ത്യകാരൻ ഡോ.M.N കാരശ്ശേരി നടത്തിയ അഭിമുഖം 2016 Feb-

യിലെ-

മാതൃഭൂമി ദിന പത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.ഇന്നത്തെ വി-ദ്യാലയങ്ങൾ വിദ്യാർത്ഥികളെ അക്ഷരശ്ലോകം പഠിപ്പിക്കാത്തതാണ് ഭാഷാപരമായ അവരുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണം എന്നും ഇന്ന് കേരളത്തിലെ വിദ്യാലയങ്ങൾ അക്ഷരശ്ലോകം

പഠിപ്പിക്കുന്നില്ലെന്നുമുള്ള

എം.ടി യുടെ പരാമർശത്തിന് മറുപടിയായി ഞങ്ങളുടെ

വിദ്യാലയത്തി-

ലെ ഈ എളിയ പരിശ്രമങ്ങൾ കാവ്യാഞ്ജലി അംഗങ്ങൾ

കത്തിലൂടെ

ശ്രീ.എം.ടി വാസുദേവൻ നായരേയും ശ്രീ.എം എൻ കാരശ്ശേരിയേയും

അറിയിക്കുകയുണ്ടായി.അതിനു മറുപടിയായി ഈ സാഹിത്യകാരൻ-മാരിൽനിന്നും കാവ്യാഞ്ജലിക്ക് ലഭിച്ച അഭിനന്ദനകത്തുകൾ ഞങ്ങൾ ഇന്നും അമൂല്യനിധിയായി കാത്തു

സൂക്ഷിക്കുന്നു.ഭാഷയും,സാഹിത്യവും,

സംസ്കാരവും പാശ്ചാത്യ സ്വാധീനത്തിന്റെ അതിപ്രസരത്തിൽ



നഷ്ടമായി-

കൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ

സ്വത്വത്തെ തിരയാനും തിരിച്ചറി-

യാനുമുള്ള ശ്രമമാണ് 11 വർഷമായി

കാവ്യാഞ്ജലി തുടരുന്നത്..

**നയന ജയദേവൻ 9A**

# *QUOTES.*

*"Life is like a mirror ,*
*It'll Smile at you if you*
*smile at it"*
*"winners are not people who*
*never fail but people who never quit"*
*"Practice like you're*
*never won, Perform*
*like you're never lost".*
*"Don't feel bad someone*
*rejects you*
*people usually reject*
*expensive thing because can't*
*effort them."*
*"The best pain in the world is*
*smile and cry.*
*They won't meet each other a time,*
*they meet, that is the best moment in your Life"*
*"when men loves a woman,*
*she become his weakness.*
*When women loves a man,*
*he becomes her strength.*
*This is called the exchange of power."*



# R K NARAYAN.

R K NARAYAN was born in Madras in 1906 and educated there and at Maharajah' s college Mysore . His first novel SWAMI AND FRIENDS (1935) was set in enchanting fictional territory
of MALGUDI. NARAYAN'S other novels are THE BACHELOR OF ART (1937), THE DARK ROOM (1938), THE ENGLISH TEACHER (1945), MR SAMPATH(1949), THE FINANCIAL EXPERT (1952) ,WAITING FOR MAHATMA(1955),the sahitya akademi -award wining THE GUIDE (1958),THE MAN-CATTER OF MALGUDI(1962), THE VENDOR OF SWEETS(1967), THE PAINTER OF SIGNS(1976),THE TIGER OF MALGUDI(1983), TALKATIVE MAN (1986),
and THE WORLDOF NAGARAJ(1990).

Besides six collections of short stories(A HORSE AND TWO GOATS, AN ASTROLOGER'S DAY AND OTHER STORIES, LAWLEY ROAD,MALGUDI DAYS,GRANDMOTHER'S TALE AND UNDER THE BANYAN TREE) Narayan published two travel books (MY DATELESS DAIRY and THE EMERALD ROUTE),five collections of essays (NEXT SUNDAY,RELUCTANT GURU, THE WRITER'S NIGHTMARE ,A STORYTELLER'S WORLD AND SALT AND SAWDUST),the translations of Indian epics and myths (THE RAMAYANA, THE MAHABHARATA AND GODS, DEMONS, AND OTHERS, published together as THE INDIAN EPICS RETOLD), and a memoir MY DAYS. THE TOWN CALLED        MALGUDI, THE WORLD OF

MALGUDI , THE MAGIC OF MALGUDI and MEMORIES OF MALGUDI , collections of Narayan's fiction ,and MALGUDI LANDSCAPES ,a selection of his writings,are available from Penguin books . MALGUDI SCHOOLDAYS ,a volume of Narayan's children's writings is available in Puffin, while The Writerly Life,a volume of his selected non-fiction,is available in Viking

In 1980 R.K. Narayan was awarded the AC. Benson medal by the royal society of Literature and was made an Honorary Member of the American Academy and Institute of Arts and Letters. In 1989 he was made a member of the Rajya Sabha. In 2000 the Government of India conferred on him the Padma Vibhushan.


R.K. Narayan died in May 2001



AKSHAYA V
9D

# ചിത്രജാലകം.




അഭിജിത്ത് എൻ വി

വായനക്കുറിപ്പ്

# സ്വാമിയും കൂട്ടകാരും.





പ്രശസ്ത തമിഴ് എഴുത്തുക്കാരനായ ആർ കെ നാരായണന്റെ സാങ്കൽപ്പിക ഗ്രാമമായ മാൽഗുടിയിലെ പത്തു വയസ്സുക്കാരനായ ബാലന്റെയും കൂട്ടുക്കാരുടെയും കഥയാണ് സ്വാമിയും കൂട്ടകാരും.സ്വാമിയെന്ന പത്തുവയസ്സുക്കാരന്റെയും കൂട്ടകാരൻറയും ചിന്തകളും സാഹസങ്ങളും ആണ് കഥാകൃത്ത് ഇവിടെ അവതരിപ്പിക്കുന്നത് .ഇതിലെ പ്രധന കഥാപാത്രങ്ങൾ സ്വാമി, മണി, രാജം എന്നി ബാലകരാണ്. ഒരു പത്തു വയസ്സുക്കാരന്റ വിഷമങ്ങളും കാഴ്ച്ചപ്പാടുകളും ആണ് ഇവിടെ എടുത്തുക്കാട്ടുന്നത്. ഇത് വളരെ നർമ്മം കലർത്തിയാണ് എഴുത്തുക്കാരൻ പറയുന്നത് . സ്വാമിനാഥന്റെ ഒരു തിങ്കളാഴ്ച്ചയിൽ തുടങ്ങുന്ന
കഥയിൽ പിന്നെ സ്കൂളുകളും, മാൽക്കുടിയിലെ തെരുവും , കളിസ്ഥലങ്ങളും, കാടും അങ്ങനെ പലതും പശ്ചാത്തലമാകുന്നു. മുതിർന്നവരെയും കുട്ടികളെയും ഒരു പോലെ രസിപ്പിക്കുന്ന ഒരു കഥയാണ്.



ശ്രീലക്ഷ്മി രാജേഷ്. 9D

# RABINDRANATH TAGORE. (1861-1941)



Born on 7 MAY,1861 at JORSANKO, CAICUTTA, Tagore was as self-taught genius .He believed in world harmony and brother hood . These thoughts are reflected in most of his works. He was the composer of Indian and Bangladesh National Anthems.
The demise of his beloved ones with in a short period of time tempted him to write GEETHANJALI in search of peace . Later he translated it to English from Bengali , and this made Tagore a world famous writer. GEETHANJALI brought him the Nobel Prize in 1913. THE CRESENT MOON , FRUIT GATHERING , LOVER'S GIFT and THE GARDENER are some of his contributions to English Literature.
He died on 7 August 1941.



ABHIRAM N V



റീമ രെജി.

കവിത

## വഴിവക്കിൽ.

ഞാൻ പോകുമിടവഴിയി-
ലുണ്ടായിരുന്നോരു നക്ഷത്രമുല്ല.
കാറ്റിന്റെ പ്രിയവും വെയിലി-
ന്റെ തൊഴിയുമിടവഴിയുടെ
സൗന്ദര്യയുമായിയവൾ വഴി-
വക്കിലങ്ങനെ നാണം
കുണുങ്ങിക്കുണുങ്ങി
ചുവന്നുതുടുത്തതായി-
രുന്നവളുടെ കൊച്ചിതളുകൾ.
മന്ദസ്മിതം പൂണ്ടു പുലരിയെ-


കൊച്ചു പൂമ്പാറ്റയേ ചന്തമറിയിച്ചു
ചോന്നുനിൽക്കുമവളെ കണ്ടു
കണ്ണുകൾ പലതങ്ങോട്ടു ചാഞ്ഞ-
തിൽ കണ്ണേറു കൊണ്ടു.
നേരമേറെക്കഴിഞ്ഞപ്പോൾ
 ഞെട്ടറ്റുവീണയ-
വളെച്ചവുട്ടിയരച്ചു കടന്നപ്പോയി
കാൽപ്പാടു പലതും.
ചവിട്ടീടരുതേയിത്തിരി-
മുൻപേ നീ തലോടിയ
പൂത്തനെ ഞാനെയെന്നയവ-
ളുടെ  വേദനയാരുക്കണ്ടു

# ചിത്രജാലകം






















# OSCAR WILDE.

## (1854-1900)

Irish poet and dramatist, Wilde was born on 16 October, 1854 in Dublin. He studied at Trinity College, Dublin and Magdalen College, Oxford. Wilde gave much importance to clothing, and his life-style and sense of humour made him popular. In 1888 he published the THE HAPPY PRINCE and other tales and in 1890 THE PICTURE OF DORIAN GRAY. Between 1892 and 1895 he wrote series of plays, which become very popular. RAVENNA, one of his long poems, won the NEW DIGAT prize in 1878. His great writings include A WOMAN OF NO IMPORTANCE, AN IDEAL HUSBAND, and THE ARTIST AS CRITIC. He died on 13 November 1900.

NIRANJANA S 9D



POEM

# FIRE FLY.

I got wings of my dreams;
to fly over through scape of sky
freely. To fulfil all wishes of a
prisoned mind.



When i got my wings i truly get
my freedom to; when i firstly get i
spirit of the fire in my soul
can't forgot that moment
I tried to believe in my self.
I got inspired from myself
I wanted to be the
inspiration of others....



Meenakshi . Jayaraj 9A

# ജലചരായം





അരവിന്ദ് എസ് വി 10 A


കവിത

# ഓർക്കുവിൻ.



"വിശപ്പകറ്റാൻ ഭൂമിയിലെ-
മക്കൾ മണ്ണുവാരി തിന്നുമ്പോൾ
മുതലാളിമാർ ഓർക്കുവിന്
ഭൂമിയിൽ ഒരു ഫ്ളാറ്റ്
പണിയണമോ? അതോ
വിശക്കുന്ന മക്കൾക്ക്
അന്നം നൽകണമോ?”

കൃഷ്ണ സജി
9D.



നാട്ടറിവ്



# ധർമ്മക്കഞ്ഞി.


ഒരു മണ്ഡലക്കാലത്തെ വ്രതാനുഷ്ഠാനങ്ങൾക്കു ശേഷമാണ് അയ്യപ്പന്മാർ യാത്ര നടത്തുന്നത്. കന്നിയയ്യപ്പന്മാർ കൂട്ടത്തിലുണ്ടെങ്കെ യാത്ര കരുതലോടെയായിരിക്കും ഇന്നലത്തെപ്പോലെ അത്ര സുഗമമായിരുന്നില്ല
അന്നത്തെ മലയാത്ര സന്നിധാനത്തിൽ എത്തുന്നതിനടയിൽ കാട്ടുവഴിയിൽ ആനയോയോ പുലിയേയോ  കണ്ടെന്നുവരാം. ഉച്ചത്തിൽ ശരണം വിളിച്ചും കയ്യിൽ കരുതിയിരിക്കുന്ന പാട്ടകൊട്ടിയും അവറ്റകളെ ആട്ടിയകറ്റും .

വീട്ടുമുറ്റത്ത് പന്തലിട്ട് ശരണഘോഷങ്ങളുടെ അകമ്പടിയോടെയായിരിക്കും കെട്ടുനിറയ്ക്കുന്നത്. അയ്യപ്പന്മാരെ യാത്രയയക്കാൻ അവരുടെ ബന്ധുക്കളും സുഹൃത്തുകളും നാട്ടുകാരുമെത്തും .
പിന്നെ ചുറ്റുവട്ടത്തുള്ള പാവങ്ങളും കാണും. അവർക്കായി അവിടെ ധർമ്മക്കഞ്ഞി തയ്യാറാക്കിട്ടുണ്ടാവും. എല്ലാ പാവങ്ങൾക്കും

കഞ്ഞികൊടുത്തു തൃപ്തിപെടുത്തിയതിനുശേഷമാവും അയ്യപ്പന്മാർ യാത്രതുടങ്ങുന്നത് അന്നൊക്കെ എടത്വാപള്ളിയിൽ തീർത്ഥാടനത്തിനു പോകുന്ന ക്രിസ്ത്യാനികളും പാവങ്ങൾക്കു ധർമ്മക്കഞ്ഞി കൊടുത്തിരുന്നു.

യാത്ര ഫലവത്താകാനും അപകടങ്ങളിൽ നിന്ന് വിട്ടുപോരാനും ഇശ്വരകടാക്ഷങ്ങമുണ്ടാകാനും പാവങ്ങളുടെ തൃപ്തിയും സന്തോഷവും ഭക്തന്മാർ കാംക്ഷിച്ചിരുന്നു എന്നതിനു തെളിവാണ് ഈ ധർമ്മക്കഞ്ഞി വിതരണം.

ശ്രീഹരി കെ എസ്



# കലോൽസവ ജയദാകൾ



# NCC പ്രവർത്തനം.


NELLIPUZHA TRADERS
asianpaints
പൂജാ


17 KERALA BATTALION NCC, PALA
NSS HSS, KIDANGOOR

# RED CROSS പ്രവർത്തനം.





# SPC പ്രവർത്തനം






# LITTLE KITES പ്രവർത്തനം.





# SCHOOL പ്രവർത്തനങ്ങൾ.









# കൃതജ്ഞത

വാതായനത്തിന്റെ ഉത്ഭവത്തിനായി സഹായിച്ച എല്ലാ കൂട്ടുകാർക്കും,ഞങ്ങളെ പരിശീലിപ്പിച്ച ദീപ ടീച്ചറിനും അമ്പിളി ടീച്ചറിനും ഒരായിരം

# നന്ദി.........



# ആശംസ



ലിറ്റിൽ കൈറ്റ്സ്പ്രവർത്തനങ്ങളുടെ ഭാഗമായി കൈറ്റസ് അംഗങ്ങൾ തയ്യാറാക്കിയ മാഗസിൻ കുട്ടികൾക്ക് ഐടി മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ പ്രതിഫലമാണ്.

കലാസാഹിത്യരംഗങ്ങളോടൊപ്പം ഐടി മേഖലയിലും അഭിരുചി വളർച്ചയ്ക്ക് തുടക്കം കുറിക്കലാക്കട്ടെ **വാതായനം** എന്ന ഈ മാഗസിന്റെ പ്രവർത്തനം എന്ന് ആശംസിക്കുന്നു.

ദീപ ഡി നായർ(കൈറ്റ് മിസ്ട്രസ്സ്)

